**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4848** **20-03-2025 - ൽ മറുപടിയ്ക്ക്**

**തോരാപുരം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മണ്ണാർക്കാട് മണ്ഡലത്തിൽ പണിപൂർത്തിയായ തോരാപുരം പാലത്തിന്റെ അപ്രോച്ച് റോഡിന് ഫണ്ടില്ല എന്ന കാരണത്താൽ പ്രവൃത്തി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | തോരാപുരം പാലത്തിന്റെ അപ്രോച്ച് റോഡായി വരുന്ന പഞ്ചായത്ത് റോഡ് ജി.എസ്.ബി ചെയ്യുന്ന പ്രവൃത്തിയാണ് നിലവിലെ ഭരണാനുമതിയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിക്കാനായത്. അത് പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് പഞ്ചായത്തിന്റെ ആസ്തിയിൽ ഉള്ളതായതിനാൽ ബാക്കിയുള്ള പ്രവൃത്തികൾ ഏറ്റെടുത്തു പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ആണ് സ്വീകരിക്കേണ്ടത്. അപ്രോച്ച് റോഡ് ബി.എം&ബി.സി പൂർത്തീകരിച്ചാൽ മാത്രമേ പൂർണ്ണമായും ഗതാഗത യോഗ്യമാക്കി മാറ്റുവാൻ സാധിക്കുകയുള്ളു. |
| (ബി) | നിലവിലുള്ള അപ്രോച്ച് റോഡ് ബി.എം & ബി.സി ചെയ്താൽ മാത്രമേ പൂർണ്ണമായും ഗതാഗതയോഗ്യമാക്കി മാറ്റുവാൻ സാധിക്കുകയുള്ളൂ എന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി |
| (സി) | തോരാപുരം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണപ്രവൃത്തിക്ക് ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ? | (സി) | എ പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ